പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1206 **15-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസും അടിസ്ഥാന സൗകര്യ വികസനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. യു. ആർ. പ്രദീപ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് മതിയായ ഫിറ്റ്നസ് ഇല്ലാത്തതിനാൽ അധ്യാപനം നടത്താൻ കഴിയാതെ വന്നിട്ടുണ്ട്; അവയുടെ പേരുവിവരങ്ങളും ഉൾപ്പെടുന്ന ക്ലാസ് മുറികളുടെ എണ്ണവും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് മതിയായ ഫിറ്റ്നസ് ഇല്ലാത്തതിനാൽ അധ്യാപനം നടത്താൻ കഴിയാതെ വന്നിട്ടില്ല.

(ബി) ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

മറുപടി: സ്കൂൾ കെട്ടിടങ്ങളുടെ കാലപ്പഴക്കം കാരണം ഫിറ്റ്നസ് ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സഹിതം കെട്ടിടം പുതുക്കി പണിയുന്നതിന്/ പൊളിച്ച് പുതിയത് പണിയുന്നതിന് പ്രധാനാദ്ധ്യാപകർ സമർപ്പിക്കുന്ന അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും, ഡയറക്ടർ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന്/ പൊളിച്ച് പുതിയത് പണിയുന്നതിന് ഭരണാനുമതിയും നൽകി വരുന്നുണ്ട്.

(സി) 2016 മുതലുള്ള കഴിഞ്ഞ 10 വർഷക്കാലയളവിൽ സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്; പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കൈവരിച്ച നേട്ടങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു പോകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. സ്കൂൾതല മോണിറ്ററിംഗ്, അറ്റകുറ്റ പണികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. സ്കൂളുകളിൽ അക്കാഡമിക്ക്

അക്കാഡമികേതര വികസനം നടപ്പിലാക്കി പദ്ധതി പ്രവർത്തനങ്ങൾ വിഭാവനം ചെയ്തതനുസരിച്ച് തന്നെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ